## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
**ചോദ്യം നമ്പർ 61** 28.09.2011 - ലെ മറുപടിക്ക്

### ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ്<br>,, സി.കൃഷ്ണൻ<br>,, ആർ.സെൽവരാജ്<br>,, പി.റ്റി.എ.റഹീം | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) | ബസ് യാത്രാനിരക്ക് വർദ്ധന എതെല്ലാം നിലയ്ക്കുള്ള ബുദ്ധിമുട്ടുകളാണ് യാത്രക്കാർക്കുണ്ടാക്കിയിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ബസ്സ് ചാർജ്ജ് വർദ്ധന സംബന്ധിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. എന്നിരുന്നാലും ഇന്ധനവില വർദ്ധനയും അനുബന്ധഘടകങ്ങളും പരിഗണിച്ച് ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാലാണ്, പ്രസ്തുത വിഷയത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്.<br>നിലവിലുണ്ടായിരുന്നതിനേക്കാൾ ചെറിയ തോതിലുള്ള വർദ്ധനവ് യാത്ര ചിലവിൽ ഉണ്ടാകുമെന്നതു മാത്രമാണ് യാത്രാക്കാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ട്. |
| ബി) | വർദ്ധനയുമായി ബന്ധപ്പെട്ട് ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടിക്കറ്റ് നിരക്ക് വർദ്ധനവുമായി ബന്ധപ്പെടുത്തി നിലവിലുള്ള ഫെയർ സ്റ്റേജുകൾ മാറ്റിയിട്ടില്ല. കൂടാതെ ടിക്കറ്റ് നിരക്ക് വർദ്ധന നടപ്പിൽ വരുത്തിയപ്പോൾ ഓർഡിനറി സർവ്വീസുകളിലെ നാലാമത്തെ സ്റ്റേജിലെ നിരക്ക് 5.50 രൂപയിൽ നിന്നും 8.00 രൂപയായി വർദ്ധിപ്പിച്ചത് സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ നിന്നും ഉണ്ടായ ആക്ഷേപങ്ങൾ കണക്കിലെടുത്ത് ടി നിരക്ക് 12.08.2011 മുതൽ 7.00 രൂപയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

(സി) ഏത് ഏജൻസിയുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് ഫെയർസ്റ്റേജ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) കെ.എസ്.ആർ.ടി.സി യുടെ ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത് കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സുകളുടെ ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുമാണ്. ഏതെങ്കിലും ഫെയർ സ്റ്റേജിൽ അപാകത യുണ്ടെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് അത് പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ